## ത  കം  പു  സ്  ത  കം  പു  സ്














### അസ്സിഹാഹുസ്സിത്ത: ഹദീസ് വിജ്ഞാനകോശം

**വാള്യം – 1**

സിഹാഹുസ്സിത്ത എന്നറിയപ്പെടുന്ന ആറ് പ്രാമാണിക ഗ്രന്ഥങ്ങളിലെ ഹദീസുകൾ വിഷയക്രമത്തിൽ ക്രോഡീകരിച്ച് വിവർത്തനം ചെയ്ത കൃതി. ഡോ. എൻ. കെ. മുസ്ത്വഫാ കമാൽപാഷയാണ് തയാറാക്കിയിരിക്കുന്നത്. സമഗ്രമായ ഹദീസ് വിജ്ഞാനകോശം പദ്ധതിയിലെ ഒന്നാം വാള്യമാണ് ഇപ്പോൾ പുറത്തിറങ്ങിയിരിക്കുന്നതെന്ന് പ്രസാധകർ പറയുന്നു. വഹ്‌യ്, വിശ്വാസം, ശുദ്ധി, പള്ളികൾ, ബാങ്ക്, നമസ്കാരം, മയ്യിത്ത് സംസ്കരണം തുടങ്ങിയ വിഷയങ്ങളിലുള്ള ഹദീസുകൾ ഇരുപത് അധ്യായങ്ങളിലായി സമാഹരിച്ചിരിക്കുന്നു. നബി(സ)യുടെ ജീവചരിത്രവും ഹദീസുകൾ സംബന്ധിച്ച ചില അടിസ്ഥാന കാര്യങ്ങളും സംക്ഷിപ്തമായി ആമുഖത്തിൽ കൊടുത്തിട്ടുണ്ട്.

**പേജ് – 1024, വില – 1000**
**പ്രസാധനം – ഗ്ലോബ് ബുക് ഹൗസ്, തിരൂരങ്ങാടി**

### വധു

**ഇബ്നു ഫരീദ്**

'ഷോട്ടി ബഹു' എന്ന ഉർദു നോവലിന്റെ വിവർത്തനം. ഉർദുവിൽ ഏറെ വായിക്കപ്പെടുന്ന കൃതിയാണിത്. കുത്തഴിഞ്ഞ കുടുംബാന്തരീക്ഷത്തിലേക്ക് സ്നേഹദൂതുമായി കടന്നുവന്ന് ക്ഷമാപൂർണമായ ഇടപെടലുകളിലൂടെ അവിടെ പരിവർത്തനങ്ങൾ സൃഷ്ടിക്കുന്ന നവവധുവിന്റെ കഥയാണ് നോവലിന്റെ ഇതിവൃത്തം. ഉർദുവിൽ മുപ്പതിലധികം പതിപ്പിറങ്ങിയ നോവലിന്റെ മലയാള ഭാഷാന്തരം നിർവഹിച്ചിരിക്കുന്നത് റഹ്‌മാൻ മുന്നൂർ.

**പേജ് – 113, വില – 45**
**പ്രസാധനം – ഐ.പി.എച്ച്, കോഴിക്കോട് – 12**

### അഫ്സൽ ഗുരു വിധി വിചാരണചെയ്യപ്പെടുന്നു

സമീപകാലത്ത് ഏറെ വിവാദമായിത്തീർന്ന വിഷയമാണ് പാർലമെന്റ് ആക്രമണകേസിൽ ആരോപണവിധേയനായ അഫ്സൽ ഗുരുവിന്റെ വധശിക്ഷാ പ്രശ്നം. കുറ്റാരോപണത്തിലും വിചാരണയിലും മറ്റും ഒട്ടേറെ ദുരൂഹതകൾ ഉള്ളതുകൊണ്ടാണ് അഫ്സൽ ഗുരുവിനെ തൂക്കിലേറ്റാനുള്ള വിധിക്കെതിരെ വ്യാപക വിമർശനമുയരുന്നത്. ഈ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ലേഖനങ്ങളുടെ സമാഹാരമാണ് 'അഫ്സൽ ഗുരു: വിധി വിചാരണചെയ്യപ്പെടുന്നു.' നന്ദിത ഹക്സർ, രാം പുനിയാനി, നിർമലാംശു മുഖർജി, ജഗ്മോഹൻസിംഗ്/ആനന്ദ് പട്‌വർധൻ, സി.ആർ. നീലകണ്ഠൻ, ജോൺ ബ്രിട്ടാസ് എന്നിവരുടെ ലേഖനങ്ങളും അരുന്ധതിയുടെ പതിമൂന്ന് ചോദ്യങ്ങളും അഫ്സൽ അഭിഭാഷകൻ സുശീൽ കുമാറിനയച്ച കത്തുമാണ് ഉള്ളടക്കം.

**പേജ് – 71, വില – 35**
**പ്രസാധനം – ഐ.പി.എച്ച്, കോഴിക്കോട് – 12**

### പ്രകാശോർജ പൊതു സിദ്ധാന്തം

**എ.എ. വഹാബ്**

പ്രകാശോർജത്തെയും അതുമായി ബന്ധപ്പെട്ട പ്രാപഞ്ചിക പ്രതിഭാസങ്ങളെയും കുറിച്ച നിരീക്ഷണങ്ങളാണ് ഈ ലഘുകൃതിയുടെ ഉള്ളടക്കം. ഖുർആനികാശയങ്ങളുടെ വെളിച്ചത്തിൽ വിഷയത്തെ സമീപിക്കാനാണ് ഗ്രന്ഥകാരൻ ശ്രമിക്കുന്നത്. പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പും പുറത്തിറങ്ങിയിട്ടുണ്ട്.

**പേജ് – 32, വില – 15**
**പ്രസാധനം: വിറ്റ്നസ് ബുക്സ്, കോഴിക്കോട് – 13**

### രോഗങ്ങളുടെ മാതാവ്

**മുഹമ്മദ് സകരിയ്യ കാന്തലവി**

മോഷണം, വ്യഭിചാരം തുടങ്ങിയ വൻ പാപങ്ങളെ ഗൗരവത്തോടെ കാണുന്ന പലരും അഹങ്കാരം, അസൂയ, കോപം തുടങ്ങിയ തിന്മകളെ ലാഘവബുദ്ധിയോടെയാണ് സമീപിക്കുന്നത്. മനുഷ്യമനസ്സിനെ ബാധിക്കുന്ന ഗുരുതര രോഗമാണ് അഹങ്കാരം. നിരവധി പാപങ്ങൾക്ക് കാരണമാകുന്ന അഹങ്കാരത്തെക്കുറിച്ച സവിസ്തര പഠനമാണ് 'രോഗങ്ങളുടെ മാതാവ്'. ആത്മസംസ്കരണത്തിന് ഏറെ പ്രയോജനപ്പെടുന്ന പുസ്തകം. പ്രമുഖ ഹദീസ് പണ്ഡിതൻ മുഹമ്മദ് സകരിയ്യ കാന്തലവിയുടെ രചന. ലളിതമായ ഭാഷയും ശൈലിയും.

**പേജ് – 80, വില – 20**
**പ്രസാധനം: മുഫക്കിറുൽ ഇസ്‌ലാം ഫൗണ്ടേഷൻ, കോഴിക്കോട് – 1**

### രവീന്ദ്രനാഥ ടാഗോർ

**ഡോ. മുഹമ്മദ് നിലമ്പൂർ**

രവീന്ദ്രനാഥ ടാഗോറിനെ കുറിച്ച് കേരളീയനായ ഡോ. മുഹമ്മദ് അറബിയിൽ തയാറാക്കിയ പഠനം. ടാഗോറിന്റെ ജീവചരിത്രം, ടാഗോർ കവിതകളിലെ സ്വൂഫിസം, തത്ത്വശാസ്ത്രം, ജീവിത വീക്ഷണം, മരണം, മനുഷ്യ പ്രകൃതി തുടങ്ങിയ വിഷയങ്ങൾ ആറ് അധ്യായങ്ങളിലായി ചർച്ചചെയ്തിരിക്കുന്നു. കാലിക്കറ്റ് യൂനിവേഴ്സിറ്റി അറബിക് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് പ്രഫസറാണ് ഗ്രന്ഥകർത്താവ്.

**പേജ് – 225, വില – 90 രൂപ**
**പ്രസാധനം: അറബ്നെറ്റ്, കോഴിക്കോട്**